# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.319 | 26.02.2018 ൽ മറുപടിയ്ക്ക്

### സപ്ലൈകോയ്ക്ക് നൽകേണ്ടതും ബാങ്കിൽ അടയ്ക്കേണ്ടതുമായ തുക

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ വർഷം നെല്ല് സംഭരണം നടത്തിയ വകയിൽ എത്ര കോടി രൂപ സംസ്ഥാന സർക്കാർ സപ്ലൈകോയ്ക്ക് നൽകാനുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) കഴിഞ്ഞ വർഷം നെല്ല് സംഭരണം നടത്തിയ വകയിൽ സംസ്ഥാന സർക്കാർ സപ്ലൈകോയ്ക്ക് തുകയൊന്നും നൽകാനില്ല. |
| (ബി) കർഷകരിൽ നിന്നും നെല്ല് സംഭരണം നടത്തിയ വകയിൽ സപ്ലൈകോ ഇനി ബാങ്കിൽ അടയ്ക്കാനുള്ള തുക എത്രയാണ് എന്ന് വ്യക്തമാക്കാമോ; | (ബി) 19.02.2018-ാം തീയതി വരെയുള്ള കണക്കുകൾ പ്രകാരം 230 കോടി രൂപയും ആയതിന്റെ പലിശയും ബാങ്കിൽ തിരിച്ചടക്കുവാനുണ്ട്. |
| (സി) ഈ തുക ഉടൻ ബാങ്കിൽ അടച്ചില്ലെങ്കിൽ കർഷകർ നിയമനടപടികൾ നേരിടേണ്ടി വരുമെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (സി) ബാങ്കിൽ നിന്നും കർഷകർക്ക് ലഭ്യമാക്കിയ തുകയുടെ തിരിച്ചടവിനുള്ള കാലാവധിക്കുള്ളിൽ തന്നെ ടി തുക ബാങ്കിൽ തിരിച്ചടക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) വാതിൽപ്പടി വിതരണം, സബ്സിഡി സാധനങ്ങളുടെ വിൽപ്പന, ഇ-പോസ് യന്ത്രങ്ങൾ സ്ഥാപിക്കൽ എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾ ചെയ്ത വകയിൽ സംസ്ഥാന ഗവൺമെന്റ് സപ്ലൈകോയ്ക്ക് ഇനി എത്ര തുക വീതം നൽകാനുണ്ടെന്ന വ്യക്തമാക്കാമോ; | (ഡി) NFSA നിയമപ്രകാരമുള്ള റേഷൻ ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണത്തിനായുള്ള സൗകര്യങ്ങൾ ഒരുക്കുക, ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുക തുടങ്ങിയവയ്ക്കായി 84.25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും തുക വിതരണം ചെയ്തിട്ടില്ല. വാതിൽപ്പടി വിതരണം നടത്തിയ വകയിൽ 2017 ഡിസംബർ മാസം വരെ സപ്ലൈകോ ചെലവഴിച്ച 142.31 കോടി രൂപയിൽ 63.61 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക |

അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സാമ്പത്തിക വർഷത്തിൽ (2017-18) സബ്സിഡി സാധനങ്ങളുടെ വിൽപ്പനയ്ക്കായി വകകൊള്ളിച്ചിട്ടുള്ളത് 200 കോടി രൂപയാണ്. ഇതിൽ 150 കോടി രൂപ സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ